**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 542** **08-10-2024 - ൽ മറുപടിയ്ക്ക്**

**ബാർ ഹോട്ടലുകളിൽ 2017-ന് ശേഷം നികുതി വകുപ്പ് നടത്തിയ പരിശോധനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ 2017-ന് ശേഷം നികുതി വകുപ്പ് നടത്തിയ പരിശോധനകൾ എത്രയെണ്ണമാണ്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; പ്രസ്തുത പരിശോധനയിലൂടെ കണ്ടെത്തിയ നികുതി വെട്ടിപ്പ് എത്രയാണെന്നും ഇതിലൂടെ ജില്ല തിരിച്ച് നേടിയെടുത്ത അഡീഷണൽ ഡിമാന്റ് കളക്ഷൻ എത്രയാണെന്നുമുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ 2017-ന് ശേഷം നികുതി വകുപ്പ് നടത്തിയ പരിശോധനയുടെയും നികുതി വെട്ടിച്ച തുകയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>ഇതിലൂടെ ജില്ല തിരിച്ചു നേടിയെടുത്ത അഡീഷണൽ ഡിമാൻഡ് കളക്ഷൻ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (ബി) | 2017 -18 മുതൽ 2023- 24 വരെ സംസ്ഥാന നികുതി വകുപ്പ് ബാർഹോട്ടലുകളുടെ കണക്കുകൾ പരിശോധിച്ച് പൂർത്തിയാക്കേണ്ടിയിരുന്ന നികുതി നിർണ്ണയങ്ങൾ എത്രയാണ്; ഇതിൽ പൂർത്തീകരിച്ചവ എത്രയെണ്ണമാണ്; ഇനി പൂർത്തീകരിക്കാനുള്ളത് എത്ര; പൂർത്തീകരിച്ചവയിൽ നിന്നും എത്ര രൂപ അഡീഷണൽ ഡിമാന്റ് കളക്ട് ചെയ്തു; ജില്ല തിരിച്ച് ക്രോഡീകരിച്ച കണക്ക് ലഭ്യമാക്കാമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | ബാർ ഹോട്ടലുകളിലെ വാർഷിക പരിശോധനകൾ വേണ്ടെന്ന് വെച്ച് കേരളീയം, നവകേരള സദസ്സ് പോലുള്ള പരിപാടികൾക്ക് നികുതി വകുപ്പ് ഉദ്യോഗസ്ഥരെ കൊണ്ട് വ്യാപക പണപ്പിരിവ് നടത്തിയെന്ന ആക്ഷേപം ശരിയാണോ; ആണെങ്കിൽ ഈ പിരിച്ചെടുത്ത തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; 2024 - 25 വർഷം സംസ്ഥാനത്ത് എത്ര ബാർഹോട്ടലുകളിൽ പരിശോധന നടത്തി; ആ പരിശോധനയിൽ എത്ര നികുതി വെട്ടിപ്പ് കണ്ടെത്തിയെന്നും ആ തുകയുടെ ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കാമോ? | (സി) | ശരിയല്ല. ഇത്തരത്തിൽ പണം പിരിച്ചിട്ടില്ലാത്തതിനാൽ ജില്ല തിരിച്ചുള്ള കണക്കു നൽകാൻ സാധിക്കില്ല.<br><br>2024-25 വർഷം തിരുവനന്തപുരം ജില്ലയിൽ 3 ബാർ ഹോട്ടലുകളിൽ പരിശോധനകൾ നടത്തുകയും 594.46 ലക്ഷം രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ 2017-ന് ശേഷം നികുതി വകുപ്പ് നടത്തിയ പരിശോധനയുടെയും നികുതി വെട്ടിച്ച തുകയും സംബന്ധിച്ച വിശദാംശം**

| ജില്ല | പരിശോധനകളുടെ എണ്ണം | നികുതി വെട്ടിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| തിരുവനന്തപുരം | 9 | 658.52 |
| കൊല്ലം | 10 | 329.51 |
| പത്തനംതിട്ട | 5 | 37.84 |
| ആലപ്പുഴ | 3 | 102.31 |
| കോട്ടയം | 10 | 103.25 |
| ഇടുക്കി | 13 | 248.56 |
| എറണാകുളം | 25 | 291.29 |
| തൃശ്ശൂർ | 8 | 104.23 |
| പാലക്കാട് | 7 | 295.46 |
| കോഴിക്കോട് | 9 | 156.44 |
| മലപ്പുറം | 2 | 12.93 |
| വയനാട് | 2 | 12.23 |
| കണ്ണൂർ | 7 | 38.53 |
| കാസർഗോഡ് | 2 | 8.41 |

**സെക്ഷൻ ഓഫീസർ**